**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1999** **09-02-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചി ഇൻഫോപാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി ഇൻഫോപാർക്ക് രണ്ടാംഘട്ട പദ്ധതി പ്രദേശത്തേയ്ക്കുള്ള പ്രധാന പാത നാലുവരിയാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | രണ്ടാംഘട്ട പദ്ധതി പ്രദേശത്തിലേക്കുള്ള നാലുവരി പാത നിർമ്മിക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ ഉടനെതന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അഭ്യസ്തവിദ്യരും തദ്ദേശീയരുമായ യുവാക്കൾക്ക് തൊഴിൽ നൈപുണ്യപരിശീലനം നൽകുന്നതിന് ഇൻഫോപാർക്ക് മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ്' എന്ന പേരിൽ നടന്നു വരുന്നുണ്ട്. സംസ്ഥാനത്തെ മറ്റു സർക്കാർ ഐ.ടി പാർക്കുകളോടൊപ്പം ഇൻഫോപാർക്കും ഇതിന്റെ നടത്തിപ്പ് ചുമതലകളിൽ ഭാഗഭാക്കാണ്. കേരള സർക്കാർ പങ്കാളിത്തമുള്ള ഐ സി ടി അക്കാദമി പാർക്കിലെ കമ്പനികൾക്കായി നടത്തുന്ന നൈപുണ്യ വികസന പരിപാടികൾക്ക് ഇൻഫോപാർക്കിന്റെ സഹകരണം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ